# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)
## എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: എസ്. ഹരികിഷോർ ഐ.എ.എസ്)

വിഷയം:- സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) -സംസ്ഥാന-ജില്ലാ മിഷനുകളിലെ വനിതാ കരാർ ജീവനക്കാർക്ക് പ്രസവാവധി അനുവദിക്കുന്നത് - സംബന്ധിച്ച്

പരാമർശം:- 04/01/2021 ലെ സ.ഉ(അച്ചടി) നം.2/2021/ധന നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ 7040/ഇ2/2019/കെഎസ്എച്ച്ഒ തീയതി 12/02/2021**

കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന വനിതാ ജീവനക്കാർക്ക് മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രം പ്രകാരം, അവരുടെ പ്രസവം നടക്കാനിടയുള്ള മൂന്ന് ആഴ്ചകൾക്കു മുമ്പുള്ള തീയതി മുതൽ അനുവദനീയമാണെന്ന വ്യവസ്ഥയിൽ, കരാർ ദൈർഘ്യം കണക്കിലെടുക്കാതെ 180 ദിവസത്തേയ്ക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അന്നുവരെ കെ.എസ്.ആർ ഭാഗം I ചട്ടം 100 പ്രകാരം പൂർണ്ണശമ്പളത്തോടെ പ്രസവാവധി ആനുകൂല്യം അനുവദിച്ചും, മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന് വിധേയമായി കരാർ ദൈർഘ്യം കണക്കിലെടുക്കാതെ ആറ് ആഴ്ചത്തേയ്ക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അന്നുവരെ കെ.എസ്.ആർ ഭാഗം I ചട്ടം 101 (ഗർഭച്ഛിദ്രം) പ്രകാരം പൂർണ്ണ ശമ്പളത്തോടെയുള്ള അവധിയും അനുവദിച്ച് പരാമർശം പ്രകാരം ഉത്തരവായിട്ടുണ്ട്.

പ്രസവം നടക്കാനിടയുള്ള തീയതിക്കോ, അബോർഷൻ സംഭവിക്കുന്ന തീയതിക്കോ തൊട്ടുമുമ്പ് തൊഴിലുടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടില്ലാത്ത ഉദ്യോഗസ്ഥർക്ക് മേൽ ആനുകൂല്യങ്ങൾക്ക് അർഹതയില്ല എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിന് 27/2/2018 മുതൽ പ്രാബല്യ മുണ്ടായിരിക്കുമെന്നും, കേരള സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, കുടുംബശ്രീ മിഷനിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ വനിതാജീവനക്കാർക്കും പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ കോർപ്പറേഷൻ / നഗരസഭാ സെക്രട്ടറിമാർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
5. അക്കൗണ്ട്സ് ഓഫീസർ/ ബിൽ സെക്ഷനുകൾ

പകർപ്പ്
കരുതൽ / അധികം

**അംഗീകാരത്തോടെ,**

**അക്കൗണ്ട്സ് ഓഫീസർ**